**എത്രയോ കാലമായി പച്ചയാം വിരിപ്പിട്ട്
സഹ്യനിൽ തലചായ്ച് ഒരേ കിടപ്പ് കിടക്കുന്ന
കേരളത്തെ കൈയ്യും കാലും പിടിച്ച്
എഴുന്നേൽപ്പിച്ച് നിർത്തി അല്പം മാറ്റി
കിടത്താം എന്നുദ്ദേശിച്ച് നടത്തി പൊളിഞ്ഞു
പോയ എമർജിംഗ് കേരള മീറ്റിന്റെ
പൊള്ളത്തരങ്ങൾ തുറന്നുകാട്ടുന്നു**


**എസ്. നാരായണൻ**

# ഇലവീഴാപൂഞ്ചിറയും ദുരതീരാ വാമനരും

**'എമർജിംഗ് കേരള'** കേരളയീതയേയും മലയാളിത്തത്തേയും അവസാനിപ്പിച്ചു കളയും എന്ന വാദം ശുദ്ധവിവരക്കേടാണ്. ഈ പദ്ധതിയുടെ വിശദാംശങ്ങൾ സർക്കാർ വെബ്സൈറ്റിൽ പരസ്യപ്പെടുത്തിയതു തന്നെ 'ചക്കവെട്ടി മലത്തി വെച്ചതുപോലെ' എന്ന മലയാള ശൈലിയെ പുനരുജ്ജീവിപ്പിക്കാനാണെന്ന് അറിയാത്തവരാണ് ഇതിനെതിരേ പുലമ്പുന്നത്. കാര്യങ്ങൾ സുതാര്യമാക്കുക എന്നതു മാത്രമല്ല മലയാളത്തെ ഒന്നു പൊടിതട്ടിയെടുക്കുക എന്ന ഉദ്ദേശ്യം കൂടിയുണ്ടായിരുന്നു വെബ്സൈറ്റിൽ പരസ്യപ്പെടുത്തിയതിനു പിന്നിൽ. അതിനെ തുടർന്ന് എന്തെല്ലാം പുകിലുകളാണ് നാട്ടിൽ നടമാടിയത്?

പദ്ധതി എത്ര സുതാര്യമാണ് എന്നതിന് തെളിവ് ആ ലോഗോ മാത്രം മതിയാകും. പപ്പും തൂവലും കൊക്കും മാത്രം അവശേഷിപ്പിച്ച, തെല്ലും മാംസമില്ലാതെ ആകാശത്തിൽ പറക്കുന്ന പക്ഷിയുടെ ചിത്രമാണ് പദ്ധതിയുടെ ലോഗോ. കേരളത്തിന്റെ പപ്പും തൂവലും പറിക്കുകയാണ്, മാംസത്തിന്റെ അളവ് പരമാവധി കുറച്ച് കേരളത്തെ 'സ്ലിം' ആക്കുകയാണ് പദ്ധതി കൊണ്ടുദ്ദേശിക്കുന്നത് എന്നത് പകൽ പോലെ വ്യക്തമല്ലേ? എന്നിട്ടും ദുരൂഹതയുണ്ടെന്ന് പറയുന്നതാണ് മനസ്സിലാകാത്തത്. ചിത്രഭാഷ അറിയാത്തവർക്കുവേണ്ടിയാണ് കേന്ദ്ര പ്ളാനിംഗ് ബോർഡ് ഉപാദ്ധ്യക്ഷൻ മൊണ്ടേക് സിംഗ് അലുവാലിയാജി, 'കേരളീയർ നെൽപ്പാടങ്ങൾ മുഴുവൻ നികത്തി കോൺക്രീറ്റ് കൂനകൾ ഉയർത്തണ' മെന്ന് ഉദ്ഘാടന വേദിയിൽ വെച്ചു തന്നെ ഉദ്ബോധിപ്പിച്ചത്. പഞ്ചാബിലും ബീഹാറിലുമൊക്കെ ഇഷ്ടം പോലെ അരികിട്ടാനുണ്ട്. കേരളത്തിനാവശ്യമുള്ളത് അവിടെ നിന്ന് ലോറിയിൽ കൊണ്ടുവരികയേ വേണ്ടൂ. 'മാസാമാസം പണം എണ്ണിവാങ്ങാൻ നിങ്ങൾക്ക് ബുദ്ധിമുട്ടുണ്ടോ' എന്ന് ഒരു സിനിമയിൽ നടൻ ശങ്കരാടി ചെറുപ്പക്കാരായ സംരംഭകരോട് ചോദിച്ചതുപോലെ തന്നെ ലളിതമാണ് അലുവാലിയാജിക്ക് അരിയുടെ കാര്യവും. നെല്പാടങ്ങൾ ഭക്ഷ്യോത്പാദന കേന്ദ്രങ്ങൾ മാത്രമല്ല ജലസംഭരണികളാണെന്നും തണ്ണീർത്തടങ്ങളാണെന്നും നികത്തിയാൽ കുടിവെള്ളം മുട്ടും എന്നുമൊക്കെ ചിലർ പറഞ്ഞു നടക്കുന്നുണ്ട്. അന്യസംസ്ഥാനത്തു നിന്ന് അരികൊണ്ടുവരാമെങ്കിൽ അരി തിളപ്പിക്കാനുള്ള വെള്ളവും ഡീസൽലോറിയിൽ എത്തിക്കാവുന്നതേയുള്ളൂ. അമ്പതോ അറുപതോ ലക്ഷം ടാങ്കർ ലോറികൾ അങ്ങോട്ടുമിങ്ങോട്ടും ഓടിച്ചാൽ തീരാവുന്നതേയുള്ളൂ വെള്ളത്തിന്റെ പ്രശ്നം. രണ്ടു നേരം ശരീരം വൃത്തിയാക്കാൻ വേണ്ടി കുളിക്കുന്ന മലയാളിയുടെ വൃത്തി

**കാർട്ടൂൺ** **അഭിലാഷ്**




കെട്ട ശീലങ്ങളിലൊക്കെ ചെറിയ മാറ്റങ്ങൾ വേണ്ടി വരും.

എന്തൊക്കെ പറഞ്ഞാലും അരിയാഹാരം മൂന്നു നേരം കഴിക്കുന്നവരുടെ സഹന ശേഷി അപാരം തന്നെ. ആസൂത്രണ സൂത്രത്തിന്റെ ഉപാദ്ധ്യക്ഷൻ തന്നെ, ചോറ്റു കിണ്ണത്തിനിട്ട് പുറംകാലുകൊണ്ട് തൊഴിച്ചിട്ടും ഒറ്റ ഉണ്ണാമൻമാരും വേദിയിൽ വെച്ച് ഒറ്റയക്ഷരം മറുത്തു പറഞ്ഞില്ല. രണ്ടിടങ്ങഴി അരിയുടെ ചോറ് ഒറ്റ ഇരിപ്പിന് അകത്താക്കുന്നവർ നീലംമുക്കി വെളുപ്പിച്ച ഖദർ ഷർട്ടും ധരിച്ച്, കരിതേച്ച് കറുപ്പിച്ച മീശയും തലയും തലോടി കസേരകളിൽ ഞെളിഞ്ഞിരുന്ന് അലുവാലിയയുടെ അധിക്ഷേപം തൊണ്ട തൊടാതെ വിഴുങ്ങി. ഉണ്ണാമൻമാരുടെ മുഖ്യ അധ്യക്ഷനായ, തലയിൽ കരിതേക്കാത്ത ഉണ്ണാമൻ, ചണ്ടി പോലെ ഇരുന്നതേയുള്ളൂ. പിന്നീട് അലുവാലിയ പറഞ്ഞതിന് ന്യായം കണ്ടെത്തുകയും വ്യാഖ്യാനം ചമയ്ക്കുകയും ചെയ്തു. മലയാളത്തിലെ രണ്ട് പ്രമുഖ പത്രങ്ങൾ അലുവാലിയ പറഞ്ഞതിന്റെ വാർത്ത പോലും പിറ്റേന്ന് കൊടുത്തില്ല. വൈകി വന്നതു കൊണ്ട് ഉദ്ഘാടനച്ചടങ്ങിന് ഇരിക്കാൻ സാധിക്കാതെ നിൽക്കേണ്ടി വന്ന ശശി തരൂരിന്റെ ബുദ്ധിമുട്ട് കാണുകയും സൂക്ഷ്മതയോടെ റിപ്പോർട്ട് ചെയ്യുകയും ചെയ്തതാണ് അവർ. സ്വന്തം വിമാനത്തിൽ വന്നിറങ്ങുന്ന വമ്പൻ വ്യവസായികളുടെ കണക്കെടുക്കാൻ ഉത്സാഹം കാണിച്ച അവർക്ക് തങ്ങളുടെ വരിക്കാർക്ക് കഞ്ഞികുടി മുട്ടുമോ എന്നത് പ്രശ്നമായില്ല. വലിയ വായിൽ അലുവാലിയ പറഞ്ഞതിനെ തുടർന്ന് ചിലർ പ്രതികരിച്ചതിന്റെ വാർത്തയിലൂടെയാണ് രണ്ട് ദിവസം കഴിഞ്ഞ് വായനക്കാർ വിവരം അറിയുന്നത്. പത്രത്തിനു മാത്രമല്ല, പത്രം ഇടാനുള്ള ബോക്സ് ഗേറ്റിൽ കൊളുത്താനും പണം കൊടുക്കുന്ന വരിക്കാർക്ക് അവരുടെ കഞ്ഞിക്കലത്തിനു നേരേ വരുന്ന ഭീഷണി അറിയാൻ പോലും നിർവ്വാഹമില്ല.

35 ലക്ഷത്തോളം രൂപ തന്റെ ഔദ്യോഗിക വസതിയിലെ ടോയ്‌ലറ്റ് മോടിപിടിപ്പിക്കാൻ അലുവാലിയാജി ചെലവാക്കിയതായി വിജിലൻസ് കണ്ടെത്തിയത് ഈയിടെ വാർത്തയായിരുന്നു. അലുവാലിയാജി ജനിച്ചപ്പോഴേ അങ്ങനെയാണ്. എല്ലാം തലകീഴാണ്. ഭക്ഷണത്തേക്കാൾ പ്രധാനം മലം ആണ്. നെൽപ്പാടങ്ങളേക്കാൾ പ്രധാനം കോൺക്രീറ്റ് വനമാണ്. തന്നെക്കാൾ വിലയുള്ളത് തന്റെ മലത്തിനാണെന്ന കാര്യത്തിൽ അലുവാലിയാജിക്ക് തെല്ലും സംശയമില്ല. അതിന്റെ പേരിൽ വിജിലൻസ് കെറുവിച്ചിട്ടെന്തുകാര്യം.

ഇത്തരം വിദഗ്ധൻമാരുടെ ആസൂത്രണ വൈഭവം കൊണ്ടാണ് എട്ടുലക്ഷം ഹെക്ടർ സ്ഥലത്തുണ്ടായിരുന്ന നെൽപ്പാടങ്ങൾ ഇപ്പോൾ രണ്ടു ലക്ഷത്തോളമായി ചുരുങ്ങാൻ ഇടയായതെന്ന് പരക്കെ ബോദ്ധ്യപ്പെട്ടു. അതുകൊണ്ടാണ് കാര്യങ്ങൾ സുതാര്യമാണെന്നു പറഞ്ഞത്. പ്ലാനിംഗ് ബോർഡിന്റെ ഉപാദ്ധ്യക്ഷൻ ഡൽഹിയിൽ ചെന്നതിനു ശേഷവും നെൽപാടങ്ങളെ പറ്റിയുള്ള തന്റെ അഭിപ്രായത്തിൽ ഉറച്ചു നിൽക്കുന്നതായി പ്രസ്താവിച്ചു. തന്റെ പ്രസ്താവന മലയാളികൾ വൈകാരികമായി എടുക്കരുതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. 'റൊട്ടിയില്ലെങ്കിൽ കേക്ക് തിന്നരുതോ' എന്ന മട്ടിലുള്ള വർത്തമാനം അയൽ സംസ്ഥാനമായ തമിഴ്നാട്ടിലോ കർണ്ണാടകത്തിലോ ആന്ധ്രയിലോ വെച്ചാണ് പറഞ്ഞിരുന്നതെങ്കിൽ അലുവാലിയാജിക്ക് താടിയും തലപ്പാവുമായി വീട്ടിൽ തിരിച്ചെത്താൻ പറ്റുമായിരുന്നോ എന്ന

കാര്യത്തിൽ സംശയമുണ്ട്. താടിയും തലപ്പാവും ഇല്ലാതെ വന്നാൽ അദ്ദേഹം അത് വൈകാരികമായി എടുക്കുമോ എന്നും അറിഞ്ഞുകൂടാ.

എമർജിംഗ് കേരളയിലൂടെ തിരുവനന്തപുരത്തെ ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം കൂറ്റൻ ഷോപ്പിങ് കോംപ്ലക്സാക്കി മാറ്റുന്നതു വഴി അമേരിക്കൻ സാമ്രാജ്യത്വ മോഹങ്ങൾക്ക് ശക്തമായ താക്കീത് നൽകാനാണ് ഉദ്ദേശിക്കുന്നത്. കേരളീയ യുവത്വം സ്റ്റേഡിയത്തിൽ പലവിധ കളികളിലേർപ്പെട്ട് സമയം നഷ്ടപ്പെടുത്തി സ്വയം നശിക്കണം എന്ന പൂതി ഇനി നടപ്പില്ല.

ഇലവീഴാപൂഞ്ചിറയിലും വാഗമണ്ണിലുമൊക്കെ ഗോൾഫ് മൈതാനങ്ങൾ വരുന്നതോടെ അവിടുത്തെ മുഖച്ഛായ തന്നെ മാറും. ധാരാളം തൊഴിലവസരങ്ങളാണ് അവിടെ സൃഷ്ടിക്കപ്പെടാൻ പോകുന്നത്. ഒട്ടും അദ്ധ്വാനമില്ലാത്ത വലിയ വരുമാനമുള്ള ജോലികൾ. സായിപ്പിന്റെ പുറകേ നടന്ന് പന്ത് എടുത്തുകൊടുക്കുകയേ വേണ്ടൂ. ടിപ് ഇനത്തിൽ തന്നെ സായിപ്പ് നല്ല തുക തരും. ഇനി കപ്പയുടെ മൂട് കിളക്കാനൊന്നും പോകേണ്ട കാര്യമില്ല. ജർമ്മനിയിലുള്ള ഫോക്സ്‌വാഗൺ കമ്പനി 2000 കോടി യൂറോ കേരളത്തിൽ മുതൽ മുടക്കി വമ്പൻ ഫാക്ടറി സ്ഥാപിക്കാൻ സമ്മതിച്ച കാര്യം എമർജിംഗ് കേരളയിലൂടെ കമ്പനി ഉറപ്പുനൽകിയെന്ന് പത്രസമ്മേളനം നടത്തി വെളിപ്പെടുത്തിയതൊക്കെ ശരിയാണ്. എമർജിംഗ് കേരള എന്താണെന്നോ, കേരളം തന്നെ എവിടെയാണെന്നോ കുഞ്ഞാലി എന്നത് എലിയോ പുലിയോ എന്നോ ഒന്നും തങ്ങൾക്കറിയില്ലെന്ന് ഫോക്സ്‌വാഗണിന്റെ മേധാവി പിറ്റേന്ന് പറഞ്ഞതും ശരിതന്നെ. അതൊക്കെ ചില ക്ലറിക്കൽ മിസ്റ്റേക്കുകൾ മാത്രം. അല്ലാതെ മുഖ്യമന്ത്രി കസേരയിൽ ഇരുന്ന് കല്ലുവച്ച നുണപറഞ്ഞതൊന്നുമല്ല. അങ്ങനെയിങ്ങനെയൊന്നും ചമ്മുന്നവനുമല്ല, ഈ ഉമ്മൻ.

ഹോട്ടലുകളിൽ നിശാനൃത്തം നടത്തും എന്ന് വെബ്സൈറ്റിൽ വന്നതു മാത്രമാണ് ആകെ വന്ന ഒരേയൊരു തെറ്റ്. സുതാര്യത പിടിവിട്ട് പോയതുകൊണ്ട് സംഭവിച്ചതാണ് അത്. ചക്ക മുറിക്കുന്നതൊക്കെ കൊള്ളാം, ഇത്രയും മലർത്തി വയ്ക്കരുത്. ഇക്കാര്യം പുറത്തു വന്ന ഉടനെ വ്യവസായ മന്ത്രി കുഞ്ഞാലി സാഹിബ് ടി. ബാലകൃഷ്ണനെ വിളിച്ച് വിശദീകരണം ചോദിക്കുകയുണ്ടായി. കുഞ്ഞാലി സാഹിബിനെ പോലൊരാൾ വ്യവസായ വകുപ്പ് കൈയ്യാളുമ്പോൾ നഗ്നനൃത്തം പോലെയുള്ള കാര്യങ്ങൾ നാട്ടിൽ അനുവദിക്കില്ലെന്ന് ആർക്കാണ് അറിയാത്തത്. നാടിന്റെ ധാർമ്മിക നിലവാരം താഴുന്നത് അദ്ദേഹത്തെ പോലൊരാൾ സഹിക്കുമോ? യുവതികളെ നഗ്നനൃത്തം ചെയ്യിച്ചു എന്നൊരാരോപണം വരെ മുൻപ് മന്ത്രിയായിരുന്ന കാലത്ത് അദ്ദേഹം നാടിനുവേണ്ടി സഹിച്ചിട്ടുണ്ട്. അതിൽ നിന്നും കരകയറാൻ കാറും കാശും വീടും കൊടുത്തതിന്റെ കണക്ക് പറയാതിരിക്കുകയാവും ഭേദം. അത്തരം കാര്യങ്ങളൊന്നും ഇനി ആവർത്തിക്കില്ല. സ്വയം എമേർജ് ചെയ്യാൻ വേണ്ടി നഗ്നനൃത്തം ചെയ്യിച്ചവരും, വിമാനത്തിൽ വെച്ച് സഹയാത്രികക്കു നേരെ 45 ഡിഗ്രിയിൽ കൈ ഉയർത്തിയവരും മന്ത്രി സഭയിലുണ്ടെന്നു കരുതി പലതരം ആഭാസങ്ങൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്നു പൊതുജനം തെറ്റിദ്ധരിക്കരുത്. ഒറ്റയ്ക്കൊറ്റയ്ക്ക് എമേർജ് ചെയ്യാനല്ല, കേരളത്തെ മൊത്തത്തിൽ എമേർജ് ചെയ്യിക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

എത്രയോ കാലമായി പച്ചയാം വിരിപ്പിട്ട് സഹ്യനിൽ തലചായ്ച് കേരളം ഒരേ കിടപ്പ് കിടക്കുന്നു. വിരിപ്പ് പഴകി കീറിത്തുടങ്ങി. പുള്ളിയെ കൈയ്യും കാലും പിടിച്ച് എഴുന്നേൽപ്പിച്ച് നിർത്തി അല്പം മാറ്റി കിടത്താം എന്നേ എമേർജിംഗ് കൊണ്ട് ഉദ്ദേശിക്കുന്നുള്ളൂ. കേരളത്തിന്റെ മുഖച്ഛായ മാറ്റും എന്ന് ചുമ്മാ പറയുന്നതല്ല. പച്ച വിരിപ്പ് ഇനി വേണ്ടെന്നാണ് തീരുമാനം. ഇനി പച്ച തൊടീക്കില്ല. പകരം ആയിരക്കണക്കിന് പുകക്കുഴലുകളിൽ നിന്നും ഉയരുന്ന കറുത്ത പുകയായിരിക്കും ഇനി മുതൽ സംസ്ഥാനത്തെ ആകാശത്തിന്റെ നിറം. കൃഷിയുപകരണങ്ങളും പരമ്പരാകൃത കൈതൊഴിലാളികളുടെ ഉല്പന്നങ്ങളും കൂട്ടിയിട്ട് കത്തിച്ച് മണ്ണ് മുഴുവൻ ചാരവർണ്ണത്തിലാക്കുന്നതും ആലോചനയിലുണ്ട്. കേന്ദ്രത്തിൽ ഓഹരി വിറ്റഴിക്കൽ മന്ത്രിയുള്ളതുപോലെ കേരളത്തിലും നമ്മൾ ആലോചിക്കുന്നുണ്ട്. നിലം നികത്തൽ മന്ത്രിയും കുന്നിടിക്കൽ മന്ത്രിയും ഉടനെയുണ്ടാകും. ആകെ വൃത്തികേടായി നിൽക്കുന്ന വനങ്ങളെ മൊത്തമായി ട്രിം ചെയ്ത് ഭംഗിയാക്കാനും വിചാരിക്കുന്നു.

ലെ മെറിഡിയൻ ഹോട്ടലിനു മുന്നിലേക്ക് 'പെണ്ണുപിടിയാ കുഞ്ഞാലീ' എന്നൊക്കെയുള്ള മുദ്രാവാക്യം വിളിച്ച് ചിലർ പ്രകടനങ്ങൾ നടത്തിയത് അറിഞ്ഞു. അവരോട് ഒന്നേ പറയാനുള്ളൂ. സാഹിബിന്റെ ഏകാഗ്രതയ്ക്ക് പഴയകാല കഥകൾ ഓർമ്മപ്പെടുത്തി ഭംഗം വരുത്തരുത്. ഈ മന്ത്രിസഭയുടെ കാലാവധി തീരുന്നതിനുമുൻപ് സംസ്ഥാനത്തെ പടിഞ്ഞാറോട്ട് എടുത്ത് അറബിക്കടലിൽ കിടത്തുന്ന പദ്ധതിക്ക് എല്ലാവരുടേയും പിന്തുണ വേണം. പച്ചയാം വിരിപ്പിനു പകരം ഒരു പച്ചയാം പുതപ്പ് സാഹിബ് തയ്യാറാക്കി കൊണ്ടിരിക്കയാണ്. പദ്ധതിയുടെ ഉദ്ദേശ്യം പരിപൂർണ്ണമായും പ്രകടിപ്പിക്കുന്നതായി ലോഗോ എന്നതിനാൽ, അതിനെ പ്രശംസിച്ചുകൊണ്ട് ഇപ്പോഴും പലരും സന്ദേശം അയച്ചുകൊണ്ടിരിക്കുന്നു. വാസ്തവത്തിൽ ഒരു ഗാനവും ലോഗോയോടൊപ്പം ചിട്ടപ്പെടുത്തിയിരുന്നു. സമയക്കുറവ് കൊണ്ട് ചേർക്കാൻ കഴിയാതെ പോയതാണ്. അടുത്ത തവണ തീർച്ചയായും ഉണ്ടാകും. നമ്മുടെ നാടോടി സംസ്കൃതിയിൽ നിന്നും എടുത്ത ഓണക്കാലത്തെ ഒരു കുമ്മാട്ടിപ്പാട്ടാണ് അത്. അതും ചക്ക മുറിച്ചതുപോലെ നമ്മുടെ പദ്ധതിയുടെ സുതാര്യത വ്യക്തമാക്കും.

മഞ്ഞൻനായരെ മഞ്ഞൻനായരെ,
മഞ്ഞക്കാട്ടിൽ പോകാലോ
മഞ്ഞക്കാട്ടിൽ പോയാലോ
മഞ്ഞക്കിളിയെ പിടിക്കാലോ
മഞ്ഞക്കിളിയെ പിടിച്ചാലോ
പപ്പും തോലും പറിക്കാലോ
ചട്ടീലിട്ടു വറുക്കാലോ
കള്ളും കൂട്ടി തിന്നാലോ...


*With best compliments from*

**CENTRE FOR POST GRADUATE STUDIES**

P.G. Centre

**North Bus Stand, Thrissur-20.**
Ph : 2338983, 6950675
e-mail : pgcentre.tsr@gmail.com